# പത്രക്കുറിപ്പ്

രണ്ടാംവർഷ ഹയർ സെക്കന്ററി പരീക്ഷയുടെ ടൈംടേബിളും ഹാൾടിക്കറ്റും ഡൗൺലോഡ് ചെയ്യുവാൻ സ്കൂളുകൾക്ക് 10.02.2015 രാവിലെ 10 മണിമുതൽ സമയം നിശ്ചയിച്ച് സർക്കുലർ നൽകിയിരുന്നു. എന്നാൽ 09.02.2015 രാത്രി ടെസ്റ്റ് റൺ നടത്തിയ സമയത്ത് ചുരുക്കം ചില സ്കൂൾ പ്രിൻസിപ്പൽമാർ പ്രസ്തുത ടൈംടേബിളും ഹാൾടിക്കറ്റും ഡൗൺലോഡ് ചെയ്തു എന്ന് ശ്രദ്ധയിൽപ്പെട്ടു. ഈ സമയത്ത് ടൈംടേബിളിൽ ഫിസിക്സ് പരീക്ഷയുടെ പരീക്ഷാ തിയതി ഉൾപ്പെട്ടിട്ടില്ലായിരുന്നു. എന്നാൽ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാനായി ഔദ്യോഗിക വെബ്സൈറ്റിൽ സർക്കുലർ പ്രസിദ്ധീകരിച്ച് ജില്ലാതലത്തിൽ സമയം നിശ്ചയിച്ച് നൽകിയതിനു മുൻപ് ടൈംടേബിളും ഹാൾടിക്കറ്റും ഏതെങ്കിലും ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർ ഡൗൺലോഡ് ചെയ്തിട്ടുണ്ടെങ്കിൽ ന്യൂനത പരിഹരിച്ച് ടൈംടേബിളും ഹാൾടിക്കറ്റും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കേണ്ടതാണ്. ന്യൂനതയുള്ള ഹാൾടിക്കറ്റുകൾ പ്രിൻസിപ്പൽമാർ നൽകിയിട്ടുണ്ടെങ്കിൽ ഹയർസെക്കന്ററി ഡയറക്ടറേറ്റിന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല. വിശദമായ ടൈംടേബിളും വിജ്ഞാപനവും ഡയറക്ടറേറ്റിന്റെ ഔദ്യോഗിക വെബ്സൈറ്റിലും ലഭ്യമാണ്.

**ഡോ.കെ.മോഹന കുമാർ**

**ഹയർ സെക്കന്ററി പരീക്ഷാ സെക്രട്ടറി**